# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26





# സെന്റ്. എഫ്. എക്സ്. എൽ. പി. എസ്
# പുത്തൻചിറ

# അക്കാദമിക മാസ്റ്റർപ്ലാൻ

## ചരിത്രം

കൊമ്പത്തുകടവ് ഗ്രാമത്തിൻറെ തിലകക്കുറിയായി ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു. വിശുദ്ധ മറിയം ത്രേസ്യ സ്ഥാപിച്ച ഹോളി ഫാമിലി കോൺഗ്രിഗേഷനിലെ പാവനാത്മ എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ ഈ വിദ്യാലയം പ്രവർത്തിക്കുന്നു .കുട്ടികളിൽ ദൈവ അറിവ് പകർന്നു കൊടുത്തു അതുവഴി കുടുംബങ്ങളെ നവീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കൊമ്പത്തുകടവ് എന്ന ഗ്രാമ പ്രദേശത്തു 1952 ജൂൺ 5 നാണ് ഈ  വിദ്യാലയം ആരംഭിച്ചത്.ചുറ്റുപാടും ഉള്ള കുടുംബങ്ങളിൽ നിന്ന് ധാരാളം കുട്ടികൾ ഇവിടെ വിദ്യ അഭ്യസിച്ചിരുന്നു .2000  വരെ ഇവിടെ 8 ഡിവിഷനുകളിലായി 200 ഓളം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു എങ്കിലും പിന്നീട് കുട്ടികളുടെ എണ്ണം കുറഞ്ഞു വന്നു .2014 വിദ്യാലയം പുതുക്കി പണിതതോടെ വീണ്ടും കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായി .ഇന്ന് ഈ വിദ്യാലയത്തിൽ നാല്പ അധ്യാപകരും 118 കുട്ടികളുമാണ് ഉള്ളത് .

**സെന്റ് എഫ് എക്സ് എൽ പി എസ് പുത്തൻചിറ**



| | |
|---|---|
| | വിലാസം |
| കൊമ്പത്തുകടവ്<br>കൊമ്പത്തുകടവ്, കൊമ്പത്തുകടവ് പി.ഒ., 680689, തൃശ്ശൂർ ജില്ല | |
| സ്ഥാപിതം | 5 - 6 - 1952 |
| | വിവരങ്ങൾ |
| ഫോൺ | 0480 2894880 |
| ഇമെയിൽ | puthenchirafxlps@gmail.com |
| വെബ്സൈറ്റ് | www.stfxlpschool.com |
| | കോഡുകൾ |
| സ്കൂൾ കോഡ് | 23529 (സമേതം) |
| യുഡൈസ് കോഡ് | 32071601601 |
| വിക്കിഡാറ്റ | Q64090822 |

## ഭൗതികസൗകര്യങ്ങൾ

എല്ലാ സൗകര്യങ്ങളോടു കൂടിയ ക്ലാസ്സ് മുറികൾ

ഐ ടി ലാബ്

സ്മാർട്ട് ക്ലാസ്സ്റൂം

സ്കൂൾ ലൈബ്രറി

നക്ഷത്രവനം

കളിമുറ്റം

പാചകപ്പുര

ഭക്ഷണശാല

പാർക്ക്

പച്ചക്കറിത്തോട്ടം

## പാഠ്യേതര പ്രവർത്തനങ്ങൾ

പ്രവൃത്തി പരിചയമേളകളിൽ ഉപജില്ലാതലത്തിൽ വർഷങ്ങളായി മുൻപന്തിയിൽ ഈ വിദ്യാലയം നിൽക്കുന്നു . കലാകായിക മത്സരങ്ങളിലും ഇവിടുത്തെ കുട്ടികൾ ഉന്നത വിജയം നേടിയിട്ടുണ്ട്.

| വിദ്യാഭ്യാസ ഭരണസംവിധാനം | |
|---|---|
| റവന്യൂ ജില്ല | തൃശ്ശൂർ |
| വിദ്യാഭ്യാസ ജില്ല | ഇരിങ്ങാലക്കുട |
| ഉപജില്ല | മാള |
| ഭരണസംവിധാനം | |
| ലോകസഭാമണ്ഡലം | ചാലക്കുടി |
| നിയമസഭാമണ്ഡലം | കൊടുങ്ങല്ലൂർ |
| താലൂക്ക് | മുകുന്ദപുരം |
| ബ്ലോക്ക് പഞ്ചായത്ത് | വെള്ളാങ്ങല്ലൂർ |
| തദ്ദേശസ്വയംഭരണസ്ഥാപനം | പുത്തൻചിറ |
| വാർഡ് | 8 |
| സ്കൂൾ ഭരണ വിഭാഗം | |
| സ്കൂൾ ഭരണ വിഭാഗം | എയ്ഡഡ് |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | എൽ.പി |
| സ്കൂൾ തലം | 1 മുതൽ 4 വരെ |
| മാദ്ധ്യമം | മലയാളം |
| സ്ഥിതിവിവരക്കണക്ക് | |
| ആകെ വിദ്യാർത്ഥികൾ | 86 |
| അദ്ധ്യാപകർ | 4 |
| ഹയർസെക്കന്ററി | |
| ആകെ വിദ്യാർത്ഥികൾ | 0 |

# ആമുഖം

കോവിഡ് മഹാമാരി വരുത്തിയ പ്രയാസങ്ങളുടെ പ്രതിഫലനത്തിൽ നിന്നും സമൂഹം പൂർണ്ണമായും മുക്തമായിട്ടില്ല. അതു കൊണ്ട് തന്നെ വിദ്യാഭ്യാസമേഖലയിലും ഇതിന്റെ പ്രയാസങ്ങൾ ഇന്നും നില നിൽക്കുന്നുണ്ട് . എന്നാൽ ചില ചെറുത്തുനിൽപ്പുകളും നൂതനമാർഗങ്ങളും കുട്ടികളുടെ പഠനത്തിന് സഹായകമായിട്ടുണ്ട്.

ഇതിന്റെ അനുബന്ധമെന്നോണം ഇനിയുള്ള വർഷങ്ങളിൽ കുട്ടികളുടെ മാനസികാരോഗ്യ വളർച്ചയിലും കൃത്യമായ ആസൂത്രണം അനുവാര്യമാണ്.

ഈ ലക്ഷ്യം മുന്നോട്ട് വെച്ച് ഒരു അദ്ധ്യയനവർഷം ക്ലാസിൽ / സ്കൂളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ അവയുടെ പ്രധാന്യം അനുസരിച്ച് ലക്ഷ്യം വെച്ച് ആസൂത്രണം ചെയ്യുകയും അതുവഴി മികവോടെ മുന്നേറാൻ കഴിയുന്ന തരത്തിൽ കുട്ടികളിൽ ആത്മവിശ്വാസവും, കഴിവുകളും പരിപോഷിപ്പിച്ച് ഒരു നല്ല തലമുറയെ വളർത്തിയെടുക്കാൻ കഴിയുന്ന തരത്തിൽ അദ്ധ്യയനവർഷത്തെ മാറ്റിയെടുക്കാൻ കഴിയണം എന്നതാണ് ഈ മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ , പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക , അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ /വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി  ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

## അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്.
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
4. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
5. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
6. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.
7. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
8. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
9. പഠനപ്രക്രിയ പൂർണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
10. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.
11. കുട്ടികൾക്കാവശ്യമായ ഗൈഡ്ലൈൻസ്/കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗങ്ങളുടെ അഭാവം.
12. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ മാറുന്നില്ല.
13. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.
14. കലാ- സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

## ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം.
2. ഭൂമിശാസ്ത്രപരമായ ഘടന.
3. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
4. ടോയ് ലെറ്റുകൾ വൃത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല.
5. പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.
6. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല
7. ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
8. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## സാമൂഹികം

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ , സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.

2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെ കുറിച്ച് ധാരണയില്ല.
3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
4. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്. എം. സി , എസ്. എം .ഡി .സി, പി.ടി.എ എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
5. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമയ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
6. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
7. കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

**ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക**

| ക്ലാസ് | വി.ഐ | എച്ച്.ഐ | എം.ആർ | ഓട്ടിസം | പഠന പിന്നോക്കം | അംഗ പരിമിതി | ആകെ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| ആകെ | | | | | | | |

# ലക്ഷ്യങ്ങൾ

(മലയാളം, ഇംഗ്ലീഷ് , അറബിക്ക്)

- ➡ അക്ഷരങ്ങൾ തിരിച്ചറിയുന്നു
- ➡ വാക്യങ്ങൾ, വാചകങ്ങൾ വായിക്കുന്നു. എഴുതുന്നു.
- ➡ മലയാളം , ഇംഗ്ലീഷ്, അറബി ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
- ➡ സ്വന്തമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അവസരം സൃഷ്ടിക്കാൻ കഴിയുക
- ➡ വിവിധ വിഷയങ്ങളിൽ സർഗാത്മകമായി ആശയങ്ങളിൽ, രചനകൾ നിർമിക്കാൻ കഴിയുക
- ➡ വ്യത്യസ്തമായ ആശയങ്ങൾ, അവതരിപ്പിക്കുക.

# പരിസര പഠനം

- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ എർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനുമുള്ള കഴിവ്
- വിവിധ ശാസ്ത്ര ഉപകരണങ്ങൾ , മാതൃകകൾ, നിർമ്മിക്കാൻ കഴിയുക.
- വിവിധ ശാസ്ത്ര പുസ്തകങ്ങൾ വായിക്കാനും ശേഖരിക്കാനും താൽപര്യം
- വിവിധ കണ്ടുപിടുത്തങ്ങളിൽ എർപ്പെടാൻ കഴിയുക.
- വിവിധ പ്രൊജക്ടുകൾ എറ്റെടുത്ത് ചെയ്യാൻ കഴിയുക.
- വർഗ്ഗീകരണം

# ഗണിതം

- 1 മുതൽ 10,000 വരെ എണ്ണാനും എഴുതാനും
- ഗണിതം മധുരം – രസകരമായും , താൽപര്യത്തോടെയും ഗണിതത്തെ സമീപിക്കാൻ.
- പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ.
- വിവിധ ഗണിത ലേഖനങ്ങൾ, പുസ്തകങ്ങൾ, ശാസ്ത്രജ്ഞൻമാരുടെ ജീവ ചരിത്രം എന്നിവവായിക്കാനുള്ള താൽപര്യം
- ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും വിവിധ അളവുകളിൽ വരയ്ക്കാനും കഴിയുക
- മാന്ത്രികചതുരം, പാറ്റേണുകൾ കണ്ടെത്താൻ.

## കലാ കായിക ആരോഗ്യ വിദ്യാഭ്യാസം

- മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിന്.
- നേതൃഗുണം ഉണ്ടാകുന്നതിന്.
- ശാരീരിക മാനസിക ആരോഗ്യം ഉണ്ടാകുന്നതിന്
- കളിയുപകരണങ്ങൾ, പ്രദർശവസ്ത്രുക്കൾ നിർമ്മിക്കുന്നതിന്.
- ചിത്ര രചനകളിൽ എർപ്പെടുന്നതിന്
- ലഘു വ്യായാമങ്ങളിൽ എർപ്പെടുന്നതിനും ദിനചര്യയായി പിന്തുടരാനും
- വിവിധ കളികളുടെ നിയമങ്ങൾ അറിയുന്നതിന്.

# കലാ കായിക വിദ്യാഭാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനരീതി & അവതരണം | സമയം | പഠനോപകരണം | മറ്റു മാർഗങ്ങൾ/സാധ്യതകൾ |
|---|---|---|---|---|
| മാനസിക ഉല്ലാസം നിർവ്വഹിക്കുക. | നൃത്തം - മാനസിക ഉല്ലാസത്തിന് അമ്പും വില്ലും ഉപയോഗിച്ചും മറ്റുമുള്ള കളികൾ | പ്രഭാതം<br>സായാഹ്നം | അമ്പും വില്ലും<br>കപ്പും മുത്തും | ICT<br>ഡാൻസുകൾ (എറോബിക് ) |
| നേതൃത്വ ഗുണം വളർത്തുക<br>സഹകരണ മനോഭാവം ഉണ്ടാകുക | ഇന്നത്തെ താരം<br>ഓരോ മത്സരത്തിനും നായകരായി ഓരോരുത്തർക്കും അവസരം<br>എല്ലാവർക്കും അവസരം ഒരുക്കുക (കളിയിൽ) | പി.ടി. സമയം<br>ഗ്രൂപ്പ് പ്രവർത്തനങ്ങൾ<br>(പാഠാസൂത്രണം) | കായിക ഉപകരണങ്ങൾ | ICT |
| ശാരീരിക മാനസിക വളർച്ച | കളിക്കാം —— രസിക്കാം<br>കുട്ടികളിൽ മാനസിക സംഘർഷം കുറക്കാൻ വിവിധ ഉല്ലാസങ്ങളിൽ ഏർപ്പെടുക | പാഠാസൂത്രണം<br>പി.ടി സമയം | പാട്ടുകൾ, ഡാൻസുകൾ<br>(എയറോബിക്) | ICT |
| കളിയുപകരണങ്ങൾ, പ്രദർശന വസ്തുക്കൾ നിർമ്മിക്കുന്നതിന് | നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അവസരം ഒരുക്കുക | WE<br>മേളകൾ | വർണപേപ്പറുകൾ<br>ഓല, ഈർക്കിൾ... | ഒരു മാസം ഒരതിഥി<br>നിർമ്മാണ പ്രവർത്തനങ്ങളിൽ കഴിവുള്ളവർ |
| ചിത്രരചനകളിൽ ഏർപ്പെടുന്നതിന് | വരയ്ക്കാം നിറം നൽകാം<br>വിവിധ വിഷയങ്ങൾ -പാഠഭാഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ചിത്രങ്ങൾ, പോസ്റ്റർ തുടങ്ങിയവയ്ക്ക് അവസരം നൽകുക | പാഠാസൂത്രണം<br>ചിത്രരചനാ ക്ലാസ് | കളറുകൾ<br>ഡ്രോയിംഗ് പേപ്പറുകൾ<br>ബുക്കുകൾ | ദിനാചരണം |
| ലഘു വ്യായാമങ്ങൾ ചെയ്യുന്നതിനും അവ ജീവിത ചര്യയായി മാറ്റുന്നതിനും | ലഘു വ്യായാമങ്ങളിലൂടെ ക്ലാസ് തുടങ്ങുക. സായാഹ്നം ആഴ്ചയിൽ വൈകുന്നേരം ലഘു വ്യായാമങ്ങൾ ശീലിക്കുക. | സുപ്രഭാതം<br>സായാഹ്നം<br>കഴിയുമെങ്കിൽ ദിവസവും | വിവിധ കളിയുപകരണങ്ങൾ | ICT |
| വിവിധ കളി നിയമങ്ങൾ അറിയുന്നതിന് | വിവിധ കളികളുമായി ബന്ധപ്പെട്ട് ക്ലാസ് നടത്തുക. കളികളിൽ ഏർപ്പെടുക | ലോകകപ്പ് മത്സരങ്ങൾ<br>ദിനാചരണം<br>കായിക മേളകൾ<br>പി.ടി | സ്പോർട്സ് പുസ്തകങ്ങൾ | ICT ഒരു മാസം ഒരതിഥി<br>കായിക താരം |

## മലയാളം & ഇംഗ്ലീഷ് & അറബിക്ക്

| ലക്ഷ്യങ്ങൾ | പ്രവർത്തനരീതി & അവതരണം | സമയം | പഠനോപകരണം | മറ്റു മാർഗങ്ങൾ/സാധ്യതകൾ |
|---|---|---|---|---|
| അക്ഷരങ്ങൾ തിരിച്ചറിയുന്നു. വാക്യം/ വാക്കുകൾ വായിക്കുന്നു, എഴുതുന്നു. (മലയാളം, ഇംഗ്ലീഷ് & അറബി) | അക്ഷര കാർഡ്<br>വേർഡ് കാർഡ് &<br>പാഠഭാഗവുമായി ബന്ധപ്പെട്ട<br>പുതിയ പദങ്ങൾ, പത്രങ്ങളിലെ<br>പുതിയ പദങ്ങൾ | പ്രഭാത ക്ലാസ്/<br>സായാഹ്ന ക്ലാസ്<br>പാഠഭാഗവുമായി<br>ബന്ധപ്പെട്ട<br>പ്രവർത്തനത്തിൽ | വർക്ക്ഷീറ്റ് ബുക്കുകൾ,<br>അക്ഷരകാർഡ് | ICT<br>News Paper<br>Audio |
| ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാകുക. | പാഠഭാഗം<br>പത്രങ്ങൾ<br>ടി.വി<br>&<br>വായിപ്പിക്കുവാൻ<br>കേൾക്കാൻ അവസരം (ടി.വി) | പ്രഭാത ക്ലാസ്/<br>സായാഹ്ന ക്ലാസ്<br>പാഠഭാഗം<br>പഠിപ്പിക്കുമ്പോൾ | ടി.വി<br>പത്രങ്ങൾ | ICT<br>News Paper |
| സ്വന്തമായി ആശയ/ അഭിപ്രായങ്ങൾ അവതരിപ്പിക്കാൻ കഴിയുക. (മലയാളം, ഇംഗ്ലീഷ്, അറബി) | പത്രം<br>ചർച്ചകൾ<br>വാർത്ത<br>&<br>വിവിധ വിഷയങ്ങളായി<br>ചർച്ചകൾ സംഘടിപ്പിക്കുക | പാഠഭാഗം<br>പഠിപ്പിക്കുമ്പോൾ,<br>ബാലസഭ, | പുസ്തകങ്ങൾ | ICT |
| വിവിധ വിഷയങ്ങളിൽ സർഗാത്മകമായി ആശയങ്ങൾ രചനകൾ നടത്താൻ കഴിയുക. | പാഠഭാഗ ആശയം<br>വിവിധ രീതിയിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.<br><br>ഉദാ: നാടകം | ബാലസഭ,<br>കലാമേളകൾ | മാതൃകകൾ | ICT |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനരീതി & അവതരണം | സമയം | പഠനോപകരണം | മറ്റു മാർഗങ്ങൾ/സാധ്യതകൾ |
|---|---|---|---|---|
| 1 മുതൽ 10000 വരെ എഴുതാനും പറയാനും | സംഖ്യാ കാർഡ്, സംഖ്യാപോക്കറ്റ് കളിനോട്ട്, .... പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | പ്രഭാത സായാഹ്ന ക്ലാസ് ക്ലാസ് റൂം പ്രവർത്തനം അവധി ദിനക്ലാസുകൾ | സംഖ്യാകാർഡ് പോക്കറ്റ് ഗണിത കിറ്റ് | വിവര സാങ്കേതിക വിദ്യ |
| ഗണിതം മധുരം ആകർഷകമായും താൽപര്യത്തോടെയും ഗണിതത്തെ സമീപിക്കാൻ. | ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുന്നതിന് വിവിധ കളികളിലൂടെ പഠനം തുടരുക. ഉദാ : ലൂഡോ, ചെസ്, പാമ്പും ഏണിയും, പാഠഭാഗത്തെ പ്രവർത്തനങ്ങൾ, പഠനവൈകല്യമുള്ളവർ എന്നിവർക്കുള്ള പ്രവർത്തനങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട് | ഗണിതകിറ്റ് കളിയുപകരണങ്ങൾ ചെസ്, പാമ്പും, | വിവര സാങ്കേതിക വിദ്യ |
| പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ ( സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, സമയം, തുടങ്ങിയവ | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക. | തുടർ പ്രവർത്തനങ്ങൾ പാഠാസൂത്രണം | ടി.ബി കളി നോട്ട്. ക്ലോക്ക് സ്കെയിൽ മീറ്റർ. | വിവര സാങ്കേതിക വിദ്യ |
| വിവിധ ഗണിത ലേഖനങ്ങൾ , പുസ്തകങ്ങൾ, ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രകുറിപ്പ് എന്നിവ താൽപര്യത്തോടെ വായിക്കുന്നതിന്. | ലൈബ്രറികൾ ഉപയോഗപ്പെടുത്തുക | ലൈബ്രറി - ദിനങ്ങളിൽ | ലൈബ്രറി | വിവര സാങ്കേതിക വിദ്യ |
| ജ്യാമിതീയ രൂപങ്ങളുടെ അളവുകൾ കണ്ടെത്താനും വരയ്ക്കാനും | ചുറ്റുമുള്ള ജ്യാമിതീയ രൂപങ്ങളെ കുറിച്ച് ധാരണ വരുന്നതിന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | പാഠാസൂത്രണം പ്രോജക്ട് | രൂപങ്ങൾ ചതുരം, സമചതുരം, സമചതുരം, ത്രികോണം, ഗണിതകിറ്റ് | വിവര സാങ്കേതിക വിദ്യ |
| മാന്ത്രികചതുരങ്ങൾ , പാറ്റേൺ എന്നിവ കണ്ടെത്താം | ഗണിത മത്സരങ്ങൾ, മേളകൾ തുടങ്ങിയവയിലും പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനം ആസൂത്രണം ചെയ്യുക | മേളകൾ ഒഴിവുസമയങ്ങൾ ഒഴിവു ദിനങ്ങൾ | ഗണിതകിറ്റ് | വിവര സാങ്കേതിക വിദ്യ |

# EVS

| ലക്ഷ്യങ്ങൾ | പ്രവർത്തനരീതി & അവതരണം | സമയം | പഠനോപകരണം | മറ്റു മാർഗങ്ങൾ/സാധ്യതകൾ |
|---|---|---|---|---|
| പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിവ് ഉണ്ടാക്കുക. | പരീക്ഷണങ്ങൾ<br>പാഠഭാഗം അനുബന്ധം<br>ഫീൽഡ് ട്രിപ്പ് (പരിസര നടത്തം)<br>പാഠഭാഗവുമായി ബന്ധപ്പെട്ട്<br>വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട്. | ഒഴിവ് ദിനങ്ങൾ<br>ദിനാചരണങ്ങൾ | പരിസ്ഥിതി<br>(ആവാസ് വ്യവസ്ഥ) | വിവര സാങ്കേതിക വിദ്യ |
| വിവിധ ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനും വിവിധ മാതൃകകൾ നിർമ്മിക്കാനും കഴിവ്. | നിർമ്മാണം...<br>വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാനും വിവിധ ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കാനും അവസരം | ദിനാചരണങ്ങൾ<br>WE | ശാസ്ത്രോപകരണ നിർമ്മാണ വസ്തുക്കൾ | ICT<br>(വിവര സാങ്കേതിക വിദ്യ)<br>ഒരു മാസം ഒരതിഥി<br>ശാസ്ത്ര ദിനം |
| വിവിധ ശാസ്ത്ര പുസ്തകങ്ങൾ വായിക്കാനും കഴിയുക. | പാഠഭാഗവുമായി ബന്ധപ്പെട്ടും വിവിധ ശാസ്ത്രജ്ഞന്മാരുമായി ബന്ധപ്പെട്ടും പുസ്തക പരിചയം | ദിനാചരണങ്ങൾ | ലൈബ്രറി | ശാസ്ത്ര ദിനം |
| പ്രോജക്ടുകളിൽ ഏർപ്പെടാൻ കഴിയുക | ചുറ്റുമുള്ള ലഘുപ്രശ്നങ്ങൾ പ്രോജക്ടായി അവതരിപ്പിക്കാൻ അവസരം സൃഷ്ടിക്കുക | പാഠഭാഗം | പുസ്തകം<br>പത്രങ്ങൾ | സാമൂഹിക പ്രശ്നങ്ങൾ |
| വിവിധ കണ്ടുപിടിത്തങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് | വ്യത്യസ്ത പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരം കാണാൻ അവസരം ഒരുക്കുക (പാഠഭാഗം) | ദിനാചരണം | വിഷയവുമായി ബന്ധപ്പെട്ടത് | ICT |
| മാനദണ്ഡങ്ങൾക്കനുസരിച്ച് തരംതിരിക്കുന്നവരെ വർഗ്ഗീകരിക്കുക | പാഠഭാഗത്തു നിന്നുമുള്ള പ്രവർത്തനങ്ങൾ.<br>പ്രൊജക്റ്റുകൾ, നിരീക്ഷണവുമായി ബന്ധപ്പെട്ട്. | ദിനാചരണങ്ങൾ<br>പ്രോജക്ടുകൾ ചെയ്യുമ്പോൾ<br>പരിസര നടത്തം | ലൈബ്രറി പുസ്തകങ്ങൾ<br>വ്യക്തികൾ | ചർച്ചകൾ<br>ICT<br>സംവാദങ്ങൾ |